LIBRARY ARCHIVES Kerala Legislative Assembly

ഇൽമനൈറ്റ്, മോണോസൈറ്റ് എന്നിവയുടെ കയറ്റുമതി

152 (2182) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൽമനൈറ്റ് ഉപയോഗിച്ച് ഏതെല്ലാം മൂല്യവർദ്ധിത വസ്തുക്കളാണ് കേരളത്തിൽ നിർമ്മിക്കപ്പെടുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) മോണോസൈറ്റ് ഉപയോഗിച്ച് എത്രയിനം മൂല്യവർദ്ധിത വസ്തുക്കൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര അളവ് ഇൽമനൈറ്റ്, മോണോസൈറ്റ് എന്നിവ കേരളത്തിൽ നിന്ന് എക്സ്പോർട്ട് ചെയ്യുന്നുണ്ടെന്നും ഇത് ഏതെല്ലാം രാജ്യങ്ങളിലേക്കാണ് എന്നും വ്യക്തമാക്കുമോ ; ഏതൊക്കെ കമ്പനികളാണ് കേരളത്തിൽ നിന്ന് ഇവ വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇൽമനൈറ്റിൽ നിന്നും ടൈറ്റാനിയം ഡൈ ഓക്സൈഡ് (കെ.എം.എം.എൽ. ടി.ടി.പി., ഐ.ആർ.ഇ.) ടൈറ്റാനിയം ക്ലോറൈഡ്, (കെ.എം.എം.എൽ.) സിന്തറ്റിക് റൂട്ടൈൽ (സി.എം.ആർ.എൽ.) എന്നിവ ഉൽപ്പാദിപ്പിക്കുന്നു.

(ബി) നിലവിൽ മോണോസൈറ്റിൽ നിന്നും മൂല്യവർദ്ധിത വസ്തുക്കൾ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നില്ല.

(സി) കേരളത്തിൽ നിന്നും നിലവിൽ ഇൽമനൈറ്റ്, മോണോസൈറ്റ് എന്നിവ കയറ്റുമതി ചെയ്യുന്നില്ല.

മലപ്പുറം ജില്ലയിൽ വ്യവസായ വളർച്ചയ്ക്കായി നടത്തിയ പ്രവർത്തനങ്ങൾ

153 (2183) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിൽ വ്യവസായ വളർച്ചയ്ക്കായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഇവയ്ക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചു എന്നും, ഇവയിൽ പൂർത്തിയായ പദ്ധതികളുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ സഹകരണത്തോടുകൂടി എല്ലാ വർഷവും മലപ്പുറം ക്രാഫ്റ്റ്സ്മേള സംഘടിപ്പിച്ചുവരുന്നു.

വനിതാ വ്യവസായ പദ്ധതിപ്രകാരം മലപ്പുറം ജില്ലയിൽ 12 സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

വനിതാ വ്യവസായ സ്കീം പ്രകാരം 30 സംരംഭങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയിൽ 155 സംരംഭങ്ങൾക്ക് ധനസഹായം നൽകി അവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽകീഴിൽ 55 സംരംഭങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം നടത്തിയിട്ടുണ്ട്.

20 സംരംഭകത്വ വികസന ക്ലബ്ബുകൾക്ക് ധനസഹായം നൽകി അവ നല്ല രീതിയിൽ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ക്ലസ്റ്റർ വികസന പദ്ധതി പ്രകാരം 4 ക്ലസ്റ്ററുകൾക്ക് അംഗീകാരം നൽകി പ്രാരംഭപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ വ്യവസായ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ചിലവഴിച്ച തുകയുടെ വിവരം (ലക്ഷ്യത്തിൽ) ചുവടെ ചേർക്കുന്നു.

2006-07	2007-08	2008-09	2009-10	2010-11	ആകെ (തുക ലക്ഷത്തിൽ)
117.96	33.10	61.56	88.79	98.97	400.38

വ്യവസായ വികസനത്തിന് നീക്കിവച്ച തുക

154 **(2184)** ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വ്യവസായ വികസനത്തിന് നീക്കിവച്ച തുകയുടെ വിശദവിവരം ജില്ല തിരിച്ചു നൽകുമോ ;

(ബി) ഈ കാലയളവിൽ മലപ്പുറം ജില്ലയിൽ പുതുതായി ഏതൊക്കെ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ; അവയിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് ;

(സി) ഇതിൽ മഞ്ചേരി മണ്ഡലത്തിൽ എത്ര സംരംഭങ്ങൾ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly